## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2956

22.06.2012-ൽ മറുപടിയ്ക്ക്

### മദ്രസ്സാ അദ്ധ്യാപകരുടെ ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) പലിശ രഹിതമായി പുനരാവിഷ്കരിച്ച പദ്ധതിയിൽ പരമാവധി മദ്രസാ അധ്യാപകരെ അംഗങ്ങളാക്കുന്നതിനുള്ള സംസ്ഥാനതല കാമ്പയിൻ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) 2011 മാർച്ച് വരെയുള്ള കാലയളവിൽ പ്രസ്തുത ക്ഷേമനിധിയിൽ എത്രപേർ അംഗങ്ങളായിരുന്നു; | (ബി) 712 |
| (സി) ക്ഷേമനിധിയിൽ അംഗമാകുന്നതിൽ നിന്നും മദ്രസ്സാഅദ്ധ്യാപകർ വിട്ടുനിന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (സി) ഉണ്ട്. പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ടായി അനുവദിച്ചിട്ടുണ്ടായിരുന്ന 10 കോടി രൂപ 9.25% പലിശ നിരക്കിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരുന്നു. പലിശയിലധിഷ്ഠിതമായ ഈ സംവിധാനം വിശ്വാസ പ്രമാണങ്ങൾക്ക് എതിരായതിനാൽ ബഹുഭൂരിപക്ഷം മദ്രസാ അദ്ധ്യാപകരും പദ്ധതി പ്രയോജനപ്പെടുത്തുന്നതിൽ നിന്നും വിട്ട് നിന്നു. |
| (ഡി) ഇത് സംബന്ധിച്ച് ചേർന്ന മുസ്ലീം സംഘടനാ പ്രതിനിധികളുടെ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) 09/06/12 ന് കോഴിക്കോട് വെച്ച് കൂടിയ സംസ്ഥാനത്തെ മദ്രസ്സാ ബോർഡ് മേധാവികളുടെ യോഗം ചുരുങ്ങിയ സമയം കൊണ്ട് പരമാവധി അദ്ധ്യാപകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കണമെന്ന് തീരുമാനമെടുത്തു. |

സെക്ഷൻ ആഫീസർ